രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ഗ്രാന്റ്

3 (3748) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരമുള്ള ഗ്രാന്റിനായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ 2009-2010 വർഷത്തിൽ ഗ്രാന്റ് ലഭ്യമായ സ്കൂളുകളുടെ താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുവദിച്ച ഗ്രാന്റ് തുകയടക്കം ലഭ്യമാക്കുമോ ;

(സി) ഗ്രാന്റ് ലഭ്യമായ സ്കൂളുകൾ വികസന പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടത്താറുണ്ടെന്ന് മോണിട്ടർ ചെയ്യുന്നതിന് സംവിധാനം നില വിലുണ്ടോ ; ഇതിന്റെ ഘടനയെയും പ്രവർത്തനങ്ങളെയുംകുറിച്ച് വിശദീകരിക്കുമോ ;

(ഡി) 2010-11 സാമ്പത്തിക വർഷത്തിൽ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരമുള്ള ഗ്രാന്റിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ ; എത്ര തുകയുടെ പ്രൊപ്പോസലാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പ്രകാരമുള്ള ഗ്രാന്റിന് സംസ്ഥാനത്തെ എല്ലാ സർക്കാർ ഹൈസ്കൂളുകൾക്കും അർഹതയുണ്ട്.

(ബി) വയനാട് ജില്ലയിലെ എല്ലാ സർക്കാർ ഹൈസ്കൂളുകൾക്കും 65,000 രൂപ വീതം ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരിയിലെ 15-ഉം വൈത്തിരിയിലെ 13-ഉം മാനന്തവാടിയിലെ 12-ഉം സർക്കാർ ഹൈസ്കൂളുകൾക്കാണ് ഗ്രാന്റ് അനുവദിച്ചത്.

(സി) ഗ്രാന്റ് ലഭ്യമായ സ്കൂളുകളിലെ വികസന പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നതിലേയ്ക്കായി രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിക്കായുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇല്ല. പ്രൊപ്പോസൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഭാഷാ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

4 (3749) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇംഗ്ലീഷ് ഭാഷാ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഹൈസ്കൂൾ തലത്തിൽ പാഠ്യക്രമത്തിലും അദ്ധ്യാപക നിയമനത്തിലും എന്തെല്ലാം മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നു ;

LIBRARY ARCHIVES Kerala Legislative Assembly